# ഫീൽഡ് വിസിറ്റ് റിപ്പോർട്ട്

**കയ്യൂർ ചീമേനി സി ഡി എസ് , കാസർഗോഡ്**

കാസർകോടിന്റെ കണ്ണൂർ അതിർത്തി ഗ്രാമമായ കയ്യൂർ ചീമേനി സി ഡി എസ് ആയിരുന്നു ഫീൽഡ് വിസിറ്റിനായി ലഭിച്ചത്, പ്രകൃതിയാൽ അനുഗ്രഹീതമായ ഈ കൊച്ചു ഗ്രാമം, കുടുംബശ്രീ പ്രവർത്തനങ്ങൾ കൊണ്ടും വളരെയധികം മികച്ചു നിൽക്കുന്നു. 330 അയൽക്കൂട്ടങ്ങളിലായി ഏകദേശം 5387 ഓളം അംഗങ്ങൾ കുടുംബശ്രീ സംവിധാനത്തിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ശ്രീലത. സി. റ്റി എന്ന കഴിവും സഹായ മനസ്ഥിതിയുമുള്ള സി ഡി എസ് ചെയർപേഴ്സണ് കീഴിൽ ഇവിടുത്തെ കുടുംബശ്രീ പ്രവർത്തനങ്ങൾ എല്ലാം തന്നെ ഭദ്രം, സി ഡി എസ് ചെയർ പേഴ്സനെ കൂടാതെ മറ്റു അംഗങ്ങളും തന്റെ ഉത്തരവാദിത്വത്തെ ഒരു ശാപമായി കാണാതെ അഗതികളെയും നിരാലംബരെയും ദാരിദ്ര്യം അനുഭവിക്കുന്നവരെയും സമൂഹത്തിന്റെ മുന്നിലേക്ക് ധൈര്യത്തോടെ കൊണ്ടുവരാൻ അശ്രാന്തം പ്രവർത്തിക്കുന്നവർ തന്നെയാണ് എന്ന് അവരോടു കുറച്ചു നേരം ഉള്ള ചർച്ച കൊണ്ടുതന്നെ മനസ്സിലായി, ബഡ്സ് സ്കൂൾ, വയോജന അയൽക്കൂട്ടം എസ ടി അയൽക്കൂട്ടം തുടങ്ങി കുടുംബശ്രീയുടെ മുഖമുദ്രയായുള്ള മിക്ക പ്രവർത്തനങ്ങളും ഇവിടെ നടന്നുവരുന്നു,

## മാനസിക വെല്ലുവിളി നേരിടുന്നവർക്ക്,

## ബഡ്സ് സ്കൂൾ. ഒപ്പം ബഡ്സ് സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ

സന്ദർശനത്തിന്റെ ഭാഗമായി ആദ്യം പോയത് ബഡ്സ് കുട്ടികളുടെ അമ്മമാരുടെ സ്പെഷ്യൽ അയൽക്കൂട്ടം കാണാൻ ആയിരുന്നു, വളരെ നിലവാരം പുലർത്തുന്ന ഒരു സ്കൂൾ തന്നെയാണ് കാണാൻ കഴിഞ്ഞത്, ആരുടേയും ശല്യമില്ലാതെ ഒരു ഒഴിഞ്ഞ സ്ഥലത്തു മരങ്ങളാൽ ചുറ്റപ്പെട്ട നല്ല എംകെട്ടുറപ്പുള്ള കെട്ടിടം, അവിടെയെത്തിയപ്പോൾ ചെയർപേഴ്സൺ പതിനഞ്ചു പേര് അടങ്ങുന്ന ബഡ്സ് സ്പെഷ്യൽ അയൽക്കൂട്ടത്തെ കുറിച്ച് അഭിമാനത്തോടെ എന്നോട് വിശദീകരിക്കുകയും തുടർന്ന് അയൽക്കൂട്ടം കൂടുന്നത് കാണുവാനായി കൂട്ടികൊണ്ടു പോവുകയും ചെയ്തു, പ്രതികൂല കാലാവസ്ഥ മൂലം അന്ന് കുറച്ചു പേരെ വന്നിരുന്നുള്ളു, എന്നാൽ തന്നെയും അയൽക്കൂട്ടം കൂടുകയും ഒരു സ്വയംതൊഴിൽ സംരംഭം നടത്തുന്നതിനെ പാറ്റി അവർ ചർച്ച ചെയ്യുകയും ചെയ്തു. തയ്യൽ, പേപ്പർ പേന നിർമ്മാണം എന്നിങ്ങനെ അവർക്കു ചെയ്യാൻ കഴിയുന്ന മുതൽ മുടക്ക് കുറഞ്ഞ സംരംഭങ്ങളെ കുറിച്ച് ചെയർപേഴ്സൺ അവരോടു വിശദീകരിച്ചു. അയൽകൂട്ടം അവസാനിച്ചപ്പോൾ സ്വന്തമായി ഒരു സംരംഭം എന്ന ആശയം വളരെ ശക്തമായി തന്നെ അവരുടെ മനസ്സിൽ കയറികൂടിയിട്ടുണ്ട് എന്ന കാര്യം എനിക്ക് ബോധ്യമായി

## സംഘടനയുടെ കരുത്ത് തെളിയിച്ച അയൽക്കൂട്ടങ്ങൾ

ബഡ്സ് സ്കൂൾ സന്ദർശനത്തിന് ശേഷം അയൽക്കൂട്ടം കാണുവാനായി പോയി, ഒരു അയൽക്കൂട്ടം എങ്ങനെ നടക്കുന്നു, എന്തൊക്കെയാണ് അതിന്റെ നടപടിക്രമങ്ങൾ എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ത്രിഫ്റ്റ് തുക പിരിക്കുന്നതും, അത് ബുക്കിൽ രേഖപെടുത്തുന്നതും ഒക്കെ കണ്ടു മനസ്സിലാക്കി, തുടർന്ന് പ്രദേശത്തു മാലിന്യം പെരുകുന്നതിനെ കുറിച്ചുള്ള ചർച്ചയായിരുന്നു, ജീവിത തിരക്കുകൾക്കിടയിലും ഇതുപോലെയുള്ള സമൂഹ നന്മ നിറഞ്ഞ കാര്യങ്ങൾ ചർച്ച ചെയ്യുവാൻ അയൽക്കൂട്ടം വേദിയാകുന്നതുകണ്ടു വളരെയധികം അഭിമാനം തോന്നി. അവിടെ ഹരിതകർമ്മ സേന നടത്തുന്ന പ്രവർത്തനങ്ങളും ചർച്ചയിലേക്ക് കടന്നുവന്നു. അവിടുന്ന് ആൻ തിരിച്ചു പോരുമ്പോൾ അയൽക്കൂട്ടത്തിൽ എന്താണ് നടക്കുന്നത് എന്നതിനെപ്പറ്റി ഒരു മുഴുവൻ ചിത്രം എനിക്ക് ലഭിച്ചു.

## അവസരങ്ങളുടെ കൃത്യമായ വിനിയോഗം,

## ഒട്ടനവധി കുടുംബശ്രീ സംരംഭങ്ങൾ

സന്ദർശനത്തിനായി അടുത്ത് തിരഞ്ഞെടുത്തത് സംരംഭങ്ങൾ ആയിരുന്നു, കശുവണ്ടികൾ ശേഖരിച്ചു ഗുണനിലവാരം അനുസരിച്ചു തരം തിരിച്ചു പായ്ക്ക് ചെയ്തു വിപണിയിൽ എത്തിക്കുന്ന സഫലം കാഷ്യൂസിലേക്കായിരുന്നു ആദ്യം പോയത് . ജോലിയിൽ മുഴുകിയിരിക്കുന്ന കുറച്ചു കുടുംബസ്ത്രീ വനിതകളെ കാണുവാനും പരിചയപ്പെടാനുമായി. തുടർന്ന് അതിനടുത്തു തന്നെ പ്രവർത്തിക്കുന്ന മധുശ്രീ എന്ന തേൻ ഉത്പാദന വിതരണ കേന്ദ്രം, അതുപോലെ തന്നെ കുടുംബശ്രീ നടത്തുന്ന ഒരു ഡി ടി പി സെന്റർ എന്നിവയും സന്ദർശിച്ചു,

## ആശ്രയ കിറ്റ് വിതരണം

ഈ സന്ദർശനത്തിൽ തന്നെ കുറച്ചു ആശ്രയ ഉപഭോക്താക്കളെ കാണുവാനും പരിചയപ്പെടാനും അവരിൽ നിന്നും കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കുവാനും കഴിഞ്ഞു. കൃത്യമായി അവർക്കു ആശ്രയ കിറ്റുകൾ ലഭിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം തോന്നി, അതിലുപരി അവരിൽ ഓരോ ആളും അർഹിച്ചവർ തന്നെയാണ് എന്നതായിരുന്നു ഞാൻ മനസ്സിലാക്കിയ ഏറ്റവും വലിയ കാര്യം. ഓരോ ആൾക്കാരുടെയും അവസ്ഥ അനുസരിച്ചു വ്യത്യസ്ത നിരക്കിനുള്ള പലവെന്ജ്ജന സാധനങ്ങൾ ആയിരുന്നു നൽകുന്നത്.

## നിർദ്ദേശങ്ങൾ

ഫണ്ടുകളുടെ കൃത്യമായ വിതരണമുണ്ടാകണം

അയൽക്കൂട്ടത്തിന്റെ ത്രിഫ്റ്റ് തുകയിൽ നിന്നും വായ്പയെടുക്കാനുള്ള സംവിധാനം ഉണ്ടാകണം

ഡി ഡി യു ജി കെ വൈ തുടങ്ങിയ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകണം

ARUN. S
GRAPHIC DESIGNER
KUDUMBASHREE